

കേരള സംസ്ഥാന ഓഡ വകുപ്പ്

www.lfa.kerala.gov.in

കൂത്തുപറമ്പ് നഗരസ ഓഡിറ്റ് റിപ്പോർട്ട് 2016

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണ

E-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ എസ് എ /കെ എൻ ആർ /സി.13/1902/2017

കേരള സംസ്ഥാ

ജില്ലാ ഓഡിറ്റ് കാര്യാല

E-mail : d

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

കൂത്തുപറമ്പ് നഗരസഭ

സർ,

വിഷയം : കൂത്തുപറമ്പ് നഗരസഭ - 2016-17 സാമ്പത്തിക വർഷത്തെ ഓ
സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരള
ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 2
വ്യവസ്ഥകൾ പ്രകാരം കൂത്തുപറമ്പ് നഗരസഭയുടെ 2016-17 സാമ്പ
ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ
ഫണ്ട ഓഡിറ്റ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്ക
അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക
ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉ
വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേ
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോ
റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അ
എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന
പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളാ മുനിസിപ്പാലിറ്റി-പരിശോധനാര
സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).).
ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡി
തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയ
റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടത
ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാല
രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

സീനിയർ ഓ

പകർപ്പ് :

1)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപ്യരിപത്രം സഹിതം)
2)ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ.മെയിൽ)
3)ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4)റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം ,കോഴിക്കോട്.

5)കാര്യാലയ പകർപ്പ്

നം. കെ എസ് എ /കെ എൻ ആർ /സി.13/1902/2017 തീയ്യതി 20.11.2017

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നഗരസഭയുടെ 2016-17 വർ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ നഗരപാലികാ നിയമം **295(4)** വകുപ്പ് **, 1994** ലെ കേരളാ ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ട എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർജില്ലയിലെ **കൂത്തുപറമ്പ് നഗരസഭ 18.1.2017** മുതൽ 18.10.201 ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് ,വിവിധ ഘ നിന്നുമുള്ള പണംപിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുക 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശ സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുക പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്ത റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീക അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്ന

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്	ശ്രീ.അശോകൻമഠത്തിൽ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര്	തസ്തിക
	ശ്രീ.ബാബുരാജ് മടപ്രത്ത്	ഓഡിറ്റ് ഓഫീസർ

19.10.2017മുതൽ 31.10.2017 വരെ		
	ശ്രീമതി.ലതവാണി.എൻ.എൻ	ഓഡിറ്റ് ഓഫീസർ
	ശ്രീ. കെ.ശശീന്ദ്രൻ.	അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ
	ശ്രീ.ഷഹീൻ.പി	അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ
	ശ്രീമതി.ശ്രീജ.കെ	ഓഡിറ്റർ

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

ചെയർമാൻ

പേര്	കാലയളവ്
ശ്രീ.എം.സുകുമാരൻ	1.4.2016മുതൽ 31.3.2017

<u>സെക്രട്ടറി :</u>

പേര്	കാലയളവ്
ശ്രീ.വി.പി.അഭിലാഷ്	1.4.2016 മുതൽ 19.11.2016 വരെ
ശ്രീ.പി.പി.അശോകൻ	20.11.2016 മുതൽ 30.11.2016 വരെ
ശ്രീ.കെ.കെ.സജിത്ത് കുമാർ	1.12.2016 മുതൽ 31.3.2017വരെ

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ശ്രീ.ജിൻരാജ്.പി.വി	1.4.2016മുതൽ 21.5.2016FNവരെ
		21.6.2016 AN മുതൽ 7.7.2016 FN വരെ
	ശ്രീമതി.മീര.യു.എൻ	21.5.2016 AN മുതൽ 20.6.2016വരെ
	ശ്രീ.പ്രമോദ്.എസ്.നായർ	7.7.2016 ANമുതൽ 5.12.2016AN വരെ
		4.3.2017 FNമുതൽ 31.3.2017 വരെ
	ശ്രീമതി.ആര്യരാജ്.ആർ	5.12.2016 FN മുതൽ 4.3.2017 AN വരെ
ഐ.സ്.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി.റീന കുമാരി	1.4.2016മുതൽ 19.6.2016വരെ
	സുമതി.കെ	20.6.2016 മുതൽ 31.3.2017വരെ
ഹെഡ്മാസ്റ്റർ-	ശ്രീമതി.നിർമ്മല.എം	1.4.2016മുതൽ 31.5.2016വരെ

	ശ്രീ.ടി.കെ.സുരേന്ദ്രൻ	1.6.2016മുതൽ 31.3.2017വരെ
സൂപ്രണ്ട്ഗവ:താലൂക്ക് ഹോസ്പിറ്റൽ,	ഡോ.ശ്രീകുമാർ മുകുന്ദൻ	1.4.2016മുതൽ 31.10.2016വരെ
		1.12.2016മുതൽ 31.3.2017വരെ
	ഡോ.ജിതേന്ദ്രനാഥ്	1.11.2016മുതൽ 30.11.2016വരെ
മെഡിക്കൽ ഓഫീസർ-ആയുർവേദം	ഡോ.മംഗള ലക്ഷ്മണൻ	1.4.2016 മുതൽ11.8.2016വരെ
	ഡോ.അരുൺ.പി.കെ	12.8.2016 മുതൽ 31.3.2017വരെ
മെഡിക്കൽ ഓഫീസർ-ഹോമിയോ	ഡോ.ധന്യ.	1.4.2016മുതൽ 31.3.2017വരെ
വെറ്റിനറി സർജൻ	ഡോ.പ്രദോഷ് കുമാർ	1.4.2016 മുതൽ 31.3.2017വരെ
മുനിസിപ്പൽ എൻഞ്ചിനിയർ	ശ്രീ.അരവിന്ദ്.ഇ.എൻ	1.4.2016 മുതൽ 31.3.2017വരെ
പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യനിർമ്മാർജന സെൽ	ശ്രീ.ലതീഷ്.കെ.സി	1.4.2016 മുതൽ 22.7.2016വരെ

	ശ്രീ.കെ.ബാബു	22.7.2016 മുതൽ 31.3.2017വരെ
ഹെൽത്ത് ഓഫീസർ	ശ്രീ.ഗിരീഷ് കുമാർ.ടി.എൻ	1.4.2016 മുതൽ 31.3.2017വരെ
പട്ടികജാതിവികസന ഓഫീസർ	ശ്രീ.സതീഷ് കുമാർ	1-4-2016 മുതൽ 22-6-2016 FNവരെ
	ശ്രീമതി.വിമല	22-6-2016 മുതൽ 11-7-2016 FNവരെ
	ശ്രീ.മുനീർ റഹ്മാൻ	11-7-2016 മുതൽ 31-3-2017വരെ

ഉള്ളടക്കം

ഭാഗം 1 – പൊതു അവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	ബജറ്റ്	1(1)
2	വാർഷിക ധനകാര്യപത്രിക	1(2)
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.	1(3)
4	സാമ്പത്തിക വിശകലനം	1(4)
5	ഫണ്ട് വിനിയോഗം	1(5)

6	പദ്ധതി അവലോകനം.	1(6)
7	തനത് വരുമാനം.	1(7)
8	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1(8)
9	ക്ഷേമപദ്ധതികൾ	1(9)
10	ക്യാഷ് വെരിഫിക്കേഷൻ	1(10)

ഭാഗം- 11 – വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
11	ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചില്ല. 7978 രൂപ വാർഷിക വരവു നഷ്ടം	2(1)
12	വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. 3048 കെട്ടിടങ്ങളുടെ ഫാറം 6 വിവരങ്ങൾ നാളിതുവരെയായും ശേഖരിച്ചിട്ടില്ല.	2(2)
13	മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് - ലേല തുക 1260333 രൂപ അടവാക്കാൻ ബാക്കി	2(3)
14	സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു	2(4)
15	പരസ്യ ബോർഡ് -ലൈസൻസ് ഫീസ് ഇനത്തിൽ 184085 രൂപ കുടിശ്ശിക	2(5)
16	ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	2(6)

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
11	ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചില്ല. 7978 രൂപ വാർഷിക വരവു നഷ്ടം	2(1)
17	വാടകവരവിൽ കുടിശ്ശിക വർദ്ധിക്കുന്നു- നിയമാനുസൃത നടപടി സ്വീകരിച്ച് തുക പിരിച്ചെടുക്കേണ്ടതാണ്	2(7)
18	ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില നഗരസഭ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാത്തത്	2(8)

ഭാഗം-III – ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
19	ബസ്റ്റാന്റ് സ്ഥലമെടുപ്പ് സമയബന്ധിതമായി നടപടി സ്വീകരിക്കാത്തമൂലം അധിക ചെലവ്	3(1)
20	നഗരസഭാ പരിധിയിലെ തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് അധികാരികമായ കണക്കില്ലാതെ എ.എം.സി നൽകി-ചെലവ് തുക ₹ 1,44,666 തടസ്സത്തിൽ വെക്കുന്നു.	3(2)
21	കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ വൈദ്യുതിചാർജ് ഒടുക്കുന്നതിൽ അകാരണമായ കാലതാമസം .	3(3)

22	പ്രധാനമന്ത്രി ആവാസ് യോജന-ഗുണഭോക്തൃ പട്ടികയിലെ എല്ലാ ഗുണഭോക്താക്കൾക്കുംആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.	3(4)
23	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറിനിർമ്മാണം പ്രോജക്ട് രേഖകൾ അപൂർണ്ണം-ചെലവ് ₹ 3,50,000തടസ്സത്തിൽ വെക്കുന്നു.	3(5)
24	ആശ്രയ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ല	3(6)
25	സമഗ്ര കാർഷീക വികസനപ്രോജക്ടിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.	3(7)
26	കൂത്തുപറമ്പ് നഗരസഭയിലെ പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോർട്ട്	3(8)
27	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമായി നടപ്പാക്കേണ്ടതാണ്.	3(9)
28	തൊഴിലാളികളുടെ ഇ.പി.എഫ് വിഹിതം യഥാസമയം ഒടുക്കുന്നില്ല-നഗരസഭക്ക് അധിക ബാധ്യത	3(10)

29	പ്രതിമാസ/ത്രൈമാസ പരിധി പരിഗണിക്കാതെ യാത്രാബത്ത കൈപ്പറ്റിയത് സംബന്ധിച്ച്	3(11)
30	വാഹനങ്ങളുടെ ഇൻഷൂറൻസ്-സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച	3(12)
31	ഓണം അഡ്വാൻസ് 21000 രൂപതിരികെ ഈടാക്കേണ്ടതാണ്	3(13)
32	പഠനോപകരണങ്ങൾ ലഭ്യമാക്കൽ അധികം നല്കിയ 1183രൂപ ഈടാക്കേണ്ടതാണ്.	3(14)
33	ലാബ് ഉപകരണങ്ങൾ ലഭ്യമാക്കൽ അധികം തുക നല്കിയ 3500 രൂപ തിരികെ ഈടാക്കേണ്ടതാണ്	3(15)
34	സാസ്കാരിക സ്ഥാപനങ്ങൾക്ക് ആനൂകാലികങ്ങൾ വാങ്ങൽ സാസ്കാരിക സ്ഥാപനങ്ങൾക്ക് നേരിട്ടുതുക നല്കി	3(16)
35	സമഗ്രസാസ്കാരിക പദ്ധതി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.	3(17)
36	സമഗ്ര വിദ്യാഭ്യാസം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.	3(18)
37	ഹോമിയോ മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല 93500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	3(19)

38	പാലിയറ്റീവ് പരിചരണം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല-	3(20)
39	മാങ്ങാട്ടിടം ലേബർകോൺട്രാക്ട് സൊസൈറ്റിയിൽ നിന്നുംഇൻകം ടാക്സ് നിശ്ചിത നിരക്കിൽ ഈടാക്കാത്തത്	3(21)
40	ടെണ്ടർ കുറവ് ഉൾപ്പെടെയുള്ള തുക പിൻവലിച്ചു, തനത് ഫണ്ടിലൊടുക്കിയത് ക്രമീകരിക്കേണ്ടത്	3(22)
41	മരാമത്ത് പ്രവൃത്തി - ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്താത്തതും, ടാർ വാങ്ങിച്ചതിന്റെ ബിൽ ഹാജരാക്കാത്തതും	3(23)
42	10 വർഷമായിട്ടും പൂർത്തീയാകാത്ത നഗരസഭ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം	3(24)
43	അറവുശാല നിർമ്മാണം - നിർമ്മാണം പൂർത്തീയാകാത്തത്	3(25)
44	സേവനനികുതി ഈടാക്കാത്തത്	3(26)
45	ഒഴിഞ്ഞ ബാരൽ വില ഒടുക്കുന്നത് - സർക്കാർ നിർദ്ദേശം പാലിച്ചില്ല	3(27)

ഭാഗം-IV – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ

46	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4(1)
47	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ	4(2)
48	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4(3)
49	വായ്പ/വായ്പ തിരിച്ചടവ്	4(4)
50	സ്ഥിരനിക്ഷേപങ്ങൾ	4(5)
51	ഓഡിറ്റ് റിക്കവറി	4(6)
52	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.	4(7)
53	ഓഡിറ്റ് പ്രത്യവലോകനം	4(8)
54	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4(9)

അനുബന്ധങ്ങൾ

55	ഓഡിറ്റ് സർട്ടിഫിക്കറ്റ്	അനുബന്ധം -1
56	Receipt and Payment Statement	അനുബന്ധം -2
57	Income and Expenditure Statement	അനുബന്ധം -3
58	Balance Sheet	അനുബന്ധം -4

ഭാഗം -1
പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് &റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചതിന്റെ കൊടുക്കുന്നു.

	ബജറ്റ്	അംഗീകരിച്ച തീരുമാനം നമ്പർ &തീയതി	പുതുക്കിയ ബജറ്റ്	അംഗീകരിച്ച തീരുമാനം നമ്പർ &തീയതി
മുന്നിരിപ്പ്	61100285	നമ്പർ 1 &തീയതി 26.2.2016	44874433	നമ്പർ 1 തീഃ 24.3.2017
വരവ്	336492000		178774000	
ആകെ വരവ്	397592285		223648433	
ചെലവ്	386964000		151479000	
നീക്കിയിരിപ്പ്	10628285		72169433	

1-2 വാർഷിക ധനകാര്യപത്രിക.

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2016-17	31.7.2017	21.7.2017	തിരിച്ചയച്ചിട്ടില്ല	ബാധകമല്ല

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നവിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി

2016-17	25-10-2017	ഇതേ റിപ്പോർട്ട് നമ്പർ &തിയതി

1-വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡി തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളു പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2-കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റി sundry debtors (receivable) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാന്റ് രജി തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധി

3-പ്രധാന വരവിനങ്ങളായ തൊഴിൽനികുതി, ഡി & ഒ ലൈസൻസ് വിനോദനികുതി, വാടക,പെർമിറ്റ് ഫീ തുടങ്ങിയവയ്ക്കാന്നും ര രജിസ്റ്ററും കുടിശിക ഡിമാന്റ് രജിസ്റ്ററും തയ്യാറാക്കി സൂക്ഷ വരവിനങ്ങളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4-പ്രത്യേക ആവശ്യത്തിന് വേണ്ടി ആരംഭിച്ച ബാങ്ക് എക്കൗണ്ടുകളി അതേ ശീർഷകങ്ങളിൽ വരവ് കാണിക്കാതെ RP-8 intrest from ba ശീർഷകത്തിലാണ് വരവ് കാണിച്ചത്. ഉദാഹരണത്തിന് പഞ്ചാബ് നാഷ കേരള, പഞ്ചാബ് നാഷണൽ ബാങ്ക് IHSDP, എസ്.ബി.ഐ IDSMT.
5-പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള പ്രൊവിഷനായി മുൻ വർഷത്തെ തുക തന്നെ ക്യാരി ഓവർ ചെയ്യു യാതൊരു മാനദണ്ഡവുമില്ലാതെയാണ് തുക പ്രൊവിഷൻ കണക്കാക്കിയ
6-സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടി ബി11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിര മൂല്യത്തിന്റെ കൃത്യതവ്യക്തമല്ല.
7-വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ്/അഡ്വാൻസ് ചെയ്ത തുകക ഷീറ്റിൽ ആസ്തികളിൽ B-18- ൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8-ഷെഡ്യൂൾ B-9 ,ഷെഡ്യൂൾ B-4 എന്നീ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്ത കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടി
9-നഗരസഭ തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ-ഫംഗ്ഷനറി അടിസ്ഥാന വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.
10-ബാലൻഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received 80005590/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസി പൂർണ്ണമല്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലൈം ചെയ്തി ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ നഗരസഭാ ഫ കൂട്ടേണ്ടതാണ്.

11-അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-4 സാമ്പത്തിക വിശകലനം

2016-17വർഷങ്ങളിലെ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികവി

സാമ്പത്തികവിശകലനം

ഇനം	2016-17
മുന്നിരിപ്പ്	4,48,74,433
വരവ്	13,44,01,550
ആകെ	17,92,75,983
ചെലവ്	10,62,09,962
നീക്കിയിരിപ്പ്	7,30,66,021

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	അലോട്ട്മെന്റ്	ആകെ തുക	ചെലവ് തുക	ലാപ്സായ തുക	നീക്കിയിരിപ്പ്	ചെലവ് ശതമാ

വികസന ഫണ്ട് (ജനറൽ)	0	21329341	21329341	21329341	ഇല്ല		100
വികസന ഫണ്ട് (എസ്.സി.പി)	0	1495203	1495203	1495203	ഇല്ല		100
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	16241409	16241409	9870790	63,70,619		60.77
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	5382603	5382603	4255095	11,27,508		79.05
ധനകാര്യ കമ്മീഷൻ അവാർഡ്	0	27739668	27739668	19051900	86,87,768		68.68
ലോകബാങ്ക് സഹായം	0	576032	576032	576032			
ബിഫണ്ട്		44730189	44730189	44730189			

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ റ

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂ കര പ്രേ ക്കു ശര

16-17	203	12,63,46,383	132	5,70,53,496	54	71	38.4

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ തുക	നടപ്പാക്കിയത് (എണ്ണം)	ചെലവ് തുക	ചെ %
സെക്രട്ടറി	17	11664805	10	8867000	76
കൃഷി ഓഫീസർ	1	3832450	1	3011621	78
ഐ.സ്.ഡി.എസ് സൂപ്പർവൈസർ	6	4076131	6	3238355	79
ഹെഡ്മാസ്റ്റർ-	20	5047529	20	4946379	97
സൂപ്രണ്ട് ഗവ :താലൂക്ക് ഹോസ്പിറ്റൽ,	1	1192241	1	1138663	95
മെഡിക്കൽ ഓഫീസർ-ആയുർവേദം	1	8,00,000	1	8,00,000	10
മെഡിക്കൽ ഓഫീസർ-ഹോമിയോ	2	2,65,000	2	263897	99
വെറ്റിനറി സർജൻ	7	22,15,000	7	950500	42
മുനിസിപ്പൽ എൻഞ്ചിനിയർ	122	80280446	69	28391640	35
പ്രോജക്ട് ഓഫീസർ	13	11819522	10	4084230	

നഗരദാരിദ്ര്യനിർമ്മാർജന സെൽ					34
ഹെൽത്ത് ഓഫീസർ	5	4233259	4	1151211	27
പട്ടികജാതി വികസന ഓഫീസർ	8	9,20,000	1	2,10,000	22
ആകെ	203	12,63,46,383	132	5,70,53,496	45

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തന വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	2015-16	2016-17	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	12626165	14338977	1712812	(+)13.94
നികുതിയേതര വരവുകൾ	10823415	13862104	3038689	(+28.07
ആകെ	23449580	28201081	4751501	(+) 20.26

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ് ഏജൻസി	അവസാനം ഓഡിറ്റ്	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട്

	നടത്തിയ തീയതി		ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	13.5.2015 മുതൽ 16.5.2015 വരെ	2012-13 മുതൽ 2014-15വരെ	29.2.2016
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	14.3,2016 മുതൽ 18.3.2016 വരെയും, 22.4.2016മുതൽ 3.5.2016 വരെയും,	2011-12 മുതൽ2015-16വരെ	20.6.2016

1-9 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	93,000	54
കർഷകതൊഴിലാളി ക്ഷേമപെൻഷൻ	2629180	261
വിധവ പെൻഷൻ	16774210	1282
വാർദ്ധക്യകാല പെൻഷൻ	16999120	1609
വികലാംഗ പെൻഷൻ	2871730	263
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	3655740	32
വിവാഹ ധനസഹായം	960000	32

1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **6(4)** പ്രകാ ബാലൻസ് പരിശോധന **24.10.2017- 12.30** ന് സ്ഥാപനത്തിലെ

ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. **31,716** രൂപ നീക്കിയിരി
പരിശോധിച്ച് ബോധ്യപ്പെട്ടു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഒ
നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർ
ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനി
നിർണയിച്ചില്ല. 7978 രൂപ വാർഷിക വരവു നഷ്ടം

നഗരസഭയിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം നമ്പർ ആർ
15/02/2012പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാ
ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്റിന് 60രൂപയും 100 ച
മുകളിലുള്ളവയ്ക്ക് 85 രൂപയുമാണ് അടിസ്ഥാന വസ്തുനി
നിശ്ചയിച്ചിട്ടുള്ളത്. കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 233(2)
തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്
മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും
കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള
നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 233(9)പ്രകാരം ഒരു
കാര്യത്തിൽ 2-ാം ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്
ഉപവിഭാഗങ്ങളോ, 7-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെ
അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധി
ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിട
ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വെറെ കണ
വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
കാലയളവിൽ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള
കെട്ടിടത്തിന് ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്
കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീ
കണക്കാക്കി ഒരു ചതുരശ്ര മീറ്റിന് 85 രൂപ എന്നതിനു പകരം 60 രൂപ എ
നികുതി നിർണ്ണയിച്ചിട്ടുള്ളത്.

I. ഉടമസ്ഥന്റെ പേര് : അശുതോഷ് കെ ,അദ്വൈതം

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ബഹുനില കെട്ടിടം
ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹85 /ചതുരശ്ര മീറ്റർ
നികുതി നിർണയിച്ച തീയതി : 20-5-16

ക്രമ നമ്പർ	കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ	വിസ്തീർണ്ണം (m^2 ൽ)	വസ്തുനികുതി (ഗ്രന്ഥശാലവരി5%,സേവന നികുതി7%, ഉൾപ്പടെ) ₹			കുറിപ്പ്
			ഡിമാന്റ് ചെയ്തത്	ഡിമാന്റ് ചെയ്യേണ്ടത്	കുറവ്	
1	17-714A 14500A 146	23.24	1878	2656	778	20% വർദ്ധന
2	17-714B 14500A 147	23.71	1878	2710	832	20% വർദ്ധന
3	17-714C 14500A 148	23.71	1878	2710	832	20% വർദ്ധന
4	17-714D 14500A 149	23.71	1878	2710	832	20% വർദ്ധന
5	17-714E 14500A 150	23.71	1878	2710	832	20% വർദ്ധന
6	17-714F 14500A 151	23.71	1878	2710	832	20% വർദ്ധന
7	17-714G 14500A 152	52.90	4054	5743	1689	20% വർദ്ധന 5% ഇള
8	17-714H 14500A 153	100.16	10872	10872	0	20% വർദ്ധന 5% ഇള
9	17-714I 14500A 154	42.4	3252	4603	1351	20% വർദ്ധന 5% ഇള
	ആകെ				7978	

ആവർത്തന നഷ്ടം വരുന്നതിനാൽ വസ്തുനികുതി പുനർനിർണയിക്കേ
തുക ഇൗടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2-2 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. 3048 കെട്ടിട 6 വിവരങ്ങൾ നാളിതുവരെയായും ശേഖരിച്ചിട്ടില്ല.

1-4-2013 വരെ പഴയ നിരക്കിൽ വസ്തുനികുതി നിർണയിച്ച ആ കെട്ടിടങ്ങളിൽ 3048 കെട്ടിടങ്ങളുടെ വസ്തുനികുതി നാ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കൂത്തുപ സെക്രട്ടറിയുടെ 15-11-2014 തീയതിയിലെ ആർ.1/8606 നമ്പർ ഉ വസ്തുനികുതി പരിഷ്കരിക്കുന്നതിനായി ഓരോ വാർഡിലെയും കെട്ടിട ശേഖരിക്കുന്നതിനും റിട്ടേൺ രജിസ്റ്റർ തയ്യാറാക്കുന്നതിനുമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.എന്നിരുന്നാലും നാളിതുവരെയായും 3048 ഫാറം 6 വിവരങ്ങൾ ശേഖരിച്ചിട്ടില്ല. പ്രസ്തുത കെട്ടിങ്ങളുടെ നികു പൂർത്തിയാക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ ഭീ കുടിശ്ശികയുണ്ടാകും. കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(1)(കിട്ട വസൂലാക്കുന്നതിന് കാലഹരണം) പ്രകാരം കുടിശ്ശിക കാലഹരണ യഥാസമയം നടപടി എടുക്കുന്നതിൽ ഉദ്യോഗസ്ഥന്റെയോ ഉദ്യോഗ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ മുൻസിപ്പാലിറ്റിക്ക പന്ത്രണ്ട് ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സെക്ഷ വ്യക്തമാക്കിയിട്ടുണ്ട്.കുടിശ്ശിക കാലഹരണപ്പെടാൻ ഇടവരുത്താ പരിഷ്കരണം പൂർത്തിയാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള സ സ്വീകരിക്കേണ്ടതാണ്.1-4-2011 മുതലുള്ള കെട്ടിടങ്ങൾക്ക് നികുത നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ സഞ്ചയ സോ രേഖപ്പെടുത്തിയിട്ടില്ല. മുഴുവൻ കെട്ടിടങ്ങളുടെവിവരങ്ങളും പിര സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ സോഫ്റ്റവെയറുമായി ഇന്റഗ്രേഷൻ നടത്തുന്നതിനുള്ള സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ

2-3 മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് - ലേല തുക 1260333 രൂപ അട ബാക്കി

നഗരസഭ ന്യൂമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 125 മുറികളിൽ നില ലേലം ചെയ്ത് നൽകിയിട്ടുണ്ട്.ഷോപ്പിംഗ് കോംപ്ലക്സിന്റെ ബൈലോ തുകയുടെ 1/3 ഭാഗം ലേലം നടന്ന സമയത്ത് അടവാക്കേണ്ടതാണെന്ന ലേലം അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ (ലേല സമയത്ത് അടച്ച് 1/ നിരതദ്രവ്യവും കഴിച്ച്) മുൻസിപ്പൽ ആഫീസിൽ ഡെപ്പോസിറ്റ് ചെയ്താ ലേലം ചെയ്യുന്നതാണെന്നും നേരത്തെ കെട്ടിവെച്ച തുകകൾ കൗൺസി കൂട്ടുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 3-3-2016ൽ 60 മുറികൾ ലേ കൈവശക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കുടിശ്ശികയുണ്ട്. ലേലത്തിൽ 1/3 തുക അടവാക്കിയ വ്യാപാരികൾക്ക അടവാക്കാൻ 13/4/16 ലെ 53ം നമ്പർ തീരുമാനം പ്രകാരം 2016 സെപ്തംബ സമയം അനുവദിച്ചിരുന്നത് . എന്നാൽ നാളിതുവരെയായും മു അടവാക്കിയിട്ടില്ല. കുടിശ്ശിക വരുത്തിയവരിൽ നിന്നും മുഴു

പിഴപലിശയടക്കം ഈടാക്കേണ്ടതാണ്.നഗരസഭ ന്യൂമാർക്കറ്റ് ഷോപ്പിം 125 മുറികളിൽ നിലവിൽ 46മുറികൾ ലേലം ചെയ്യാൻ ബാക്കിയുണ മുറികൾ ലേലം ചെയ്യാത്തതിന്റെ കാരണം ആരാഞ്ഞു നൽകിയ ഓഡി ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ മുറികളുടെ പൂർത്തിയായിട്ടില്ലാത്തതിനാൽ ഒക്യുപൻസി നൽകിയിട്ടില്ല എന്ന് മുറികൾ ലേലം കൊണ്ടവരിൽ മുഴുവൻ പേരും കരാറിലേർപ്പെട്ടിട്ടുമ് മുറികളിൽ നിന്നു മാത്രമാണ് വാടക ഈടാക്കുന്നത്. .പണി വൈകുന്നതു മൂലം വാടക ഇനത്തിൽ ലഭ്യമാകേണ്ടിയിരുന്ന തുക നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. കെട്ടിടത്തിന്റെ നിർമ്മാണ ത്വരിതഗതിയിൽ പൂർത്തിയാക്കി ബാക്കി മുറികൾ കൂടി ലേലം ചെയ്യ കൊണ്ടവരുമായി കരാറിലേർപ്പെട്ട് വാടക ഈടാക്കുന്നതിനുമുള സ്വീകരിക്കേണ്ടതാണ്. ഇതിന്റെ പുരോഗതി ഓഡിറ്റ് വിഭാഗത്തെ അറി

2-4 സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചെയ്യാതെ പ്രവർത്തിക്കുന്നു

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 311 പ്രകാരം മുൻസിപ്പാലിറ്റിയി പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ മുൻസിപ്പൽ പ്രദേശത്തിനുള സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവു പാടുള്ളതല്ല എന്നു നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലു നിയമം പ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടില്ല

1.സഞ്ജീവനി വൈദ്യശാല

2.എ ആർ ക്ലിനിക്ക്

3.ഡോ കെ ടി ഗോപിനാഥൻ ക്ലിനിക്ക്

4.ആദിത്യ മെഡിക്കൽ കെയർ ,ഡോ കെ കെ രാജൻ

രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ച മേൽ സ്ഥാപനങ്ങൾക്കെതിരെ കേരള ആക്ട് സെക്ഷൻ 314 പ്രകാരം പിഴശിക്ഷ ചുമത്താവുന്നതാണ്.

2-5 പരസ്യ ബോർഡ് -ലൈസൻസ് ഫീസ് ഇനത്തിൽ 184087 രൂപ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് മേൽ സ്ഥാപിച്ചതിനുള്ള ലൈസൻസ് ഫീസ് ഇനത്തിൽ 184087 രൂപ ബാക്കിയുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

പേര്	ഡിമാന്റ് ചെയ്ത തുക (സേവന നികുതി ഉൾപ്പടെ)	അടവാക്കാൻ ബാക്കിയുള്ളത്

സികെ ജീവൻ ദാസ്	49257	49257
സുഷാന്ത് ലാൽ പികെ	101430	101430
	27923	21325
വികാസ് എൻ കെ	12075	12075
ആകെ		184087

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് മുൻസിപ്പൽ ഫണ്ടിൽ അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയ

2-6 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കു

1. 2016-17വർഷത്തെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധ താഴെ പറയുന്ന വ്യാപാരികളിൽ നിന്നും ഡി & ഒ ലൈ ഈടാക്കികാണുന്നില്ല.

ക്രമ നമ്പർ	പേര്	വാർഡ്/ കെട്ടിട നമ്പർ	ആവശ്യം	ഡിമാന്റ് ചെയ്ത ലൈസൻസ് ഫീസ്
1	ലൂഹൈ എൻ	3/300	ടൈൽസ്, സാനിറ്ററി ഐറ്റം വില്പന	1250
2	ദിനേശൻ പി പി	13/372	ബേക്കറി	250
3	എ കെ സജയ്	5/351C10	സ്റ്റേഷനറി	800
4	ബിജു എം പി	5/351	ഹാർഡ് വെയർ ഉല്പന്നങ്ങൾ വില്പന	850

5	സി കാദർ ഹാജി	17/339(13,14)	ഫൂട്ട് വെയർ	1000
6	നസീർ സി	17/607K,L	ഹോം അപ്ലയൻസസ്	800
7	കാർത്ത്യായനി	17/676	മൊബൈൽ ഫോൺ വില്പന	300
9	ബൈജേഷ് കുമാർ	17/772	വർക്ക് ഷോപ്പ്	400
10	നിഷ ടി	17/889	തയ്യൽ കട	300
	ആകെ			5950

2016 -17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി15 ഷെഡ്യൂ രൂപയാണ് ലൈസൻസ് ഫീസിനത്തിൽ തൻവർഷം ബാക്കിയായിട്ടുള്ളത്. എന്നാൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു.

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 പ്രകാരം ലൈസൻസ് ഇല്ലാ പ്രവർത്തിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഡി & ഒ ഇനത്തിൽ കുടിശ്ശിക ഉണ്ടായതിൽ നിന്നും 2016-17 കാലയളവി ഇല്ലാതെയും സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. പിഴപലിശയടക്കം ഈടാക്കി മുൻസിപ്പൽ ഫണ്ടിൽ വരവു വെക്കേണ്ടതാ

2-7 വാടകവരവിൽ കുടിശ്ശിക വർദ്ധിക്കുന്നു- നിയമാനുസൃത സ്വീകരിച്ച് തുക പിരിച്ചെടുക്കേണ്ടതാണ്

നഗരസഭയുടെ വാടക വരവിനങ്ങൾ ചുവടെക്കൊടുക്കുന്നു.

1. ബസ്റ്റാന്റ് സ്റ്റാൾ

2.ബസ്റ്റാന്റ് കോംപ്ലക്സ്

3. ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ്

4.ടൗൺ ഹാൾ ബിൽഡിംഗ്

5. ബസ്റ്റാന്റ് കോംപ്ലക്സ് രണ്ടാം നില

6. പുതിയ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്

7. വ്യവസായ എസ്റ്റേറ്റ്

ഓഡിറ്റിന് ലഭ്യമാക്കിയ റിപ്പോർട്ട് അനുസരിച്ച് വാടക കുടിശ്ശി കണക്കുകൾ ചുവടെ കൊടുക്കുന്നു.

ക്രമ നം,	വാടക കുടിശ്ശിക വരുത്തിയ ഇനം	തുക
1	ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ്	₹89,260.00
2	ടൗൺഹാൾ ബിൽഡിംഗ്	12663
3	ന്യൂ മാർക്കറ്റ്ഷോപ്പിംഗ് കോംപ്ലക്സ്	159450
4	വ്യവസായ പാർക്ക്	9260

ഈ കണക്കുകൾക്ക് പുറമെ . 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ന്യൂമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിൽ GF11, CF8, GF12 എന്നീ മുറ വച്ചുവന്നിരുന്ന സർവ്വശ്രി. ജസീർ കെ.പി, മുഹമ്മദ് മൊട്ടത്ത്, കെ.വി. വാടകയിനത്തിൽ ആകെ ₹ 90,000രൂപ കുടിശ്ശിക ഒടുക്കാനുള്ളതായി പ പ്രസ്തുത വ്യക്തികൾ വാടക രജിസ്റ്റർ പ്രകാരം 2016-17 കാലയളവി ഒടുക്കിയിട്ടില്ല. ഈ വ്യക്തികളുടെ പേരിൽ തന്നെയാണ് പ്ര ഇപ്പോഴുമുള്ളത് എന്നതിനാൽ 2016-17 കാലയളവിലും ഇവർ വാട ബാദ്ധ്യസ്ഥരാണ്.ആയതിനാൽ 2016-17 കാലയളവിലും വാടകയിനത്തിൽ ഒടുക്കേണ്ടതുണ്ട്. ആയിനത്തിൽ ആകെ ₹ 1,80,00 കുടിശ്ശികയുംനിലനിൽക്കുന്നു.. ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചതായി കാണന്നില്ല. വാടക കരാർ പ്ര പിരിച്ചെടുക്കുന്നതിന് ആവശ്യമായ അധികാരം നഗരസഭ നിയമാനുസൃത നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. തന ഗണ്യമായ വരവ് ലഭ്യമാക്കുന്ന വാടക വരവിലെ കുടിശ്ശിക പിരിച്ചെടുക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.തുക നിശ്ചിത സമയത്തിനകം പിര നിയമാനുസൃത നടപടി സ്വീകരിച്ചില്ലെങ്കിൽ കാലഹരണപ്പെടുന്ന സാ നടപടി സ്വീകരിക്കാതെ തുക കാലഹരണപ്പെടുകയാണെങ്കിൽ പ്രസ്ത സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ വ്യക്തിഗത ബാധ്യതയായിരിക്കും.

2-8 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില നഗരസഭ അക്കൗണ്ടിൽ ക്ര ചെയ്യാത്തത്

2016-17 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്ത
ഫോറം വില ₹ 1,21,860 മുനിസിപ്പൽ എഞ്ചിനിയറുടെ അക്കൗണ്ടിലാണ
-67297020430) ക്രഡിറ്റ് ചെയ്തതത് . തുക കൂത്തുപറമ്പ് നഗരസഭ അക്ക
ചെയ്യേണ്ടതാണ്

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓ
നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർ
ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ബസ്റ്റാന്റ് സ്ഥലമെടുപ്പ് സമയബന്ധിതമായി നടപടി സ്വീകരിക്കാത്തമൂലം അധിക ചെലവ്

നഗരസഭയ്ക്ക് പൂതിയ ബസ്റ്റാന്റ് നിർമ്മിക്കുന്നതിനുവേണ്ടി ലാന്റ് നടപടിയിലൂടെ 2009 ൽ തന്നെ നഗരസഭ സ്ഥലം ഏറ്റെടുത്തിരു സ്ഥലത്തിന്റെ ഉടമകൾക്ക് നഷ്ടപരിഹാര തുക നഗരസഭ നൽകാനു നിശ്ചയിച്ച നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് ലഭിക്കുന്നതിനായി ഭൂ തന്നെ തലശ്ശേരി സബ്കോടതിയിൽ അന്യായം ഫയൽ ചെ ഈയിനത്തിൽ 28 കേസുകൾ കോടതിയിൽ തീർപ്പാകാനുണ്ട്. എന്നാ നിന്നും ചില ഭൂവുടമകൾക്ക് അനുകൂലമായ വിധി ഉണ്ടാവുകയും പ്ര നിശ്ചയിച്ചതിലും കൂടുതൽ തുക നഷ്ടപരിഹാരമായി നൽകുവാൻ ഉ ഉണ്ടായിട്ടുണ്ട്. ഇത്തരം വിധിക്കെതിരെ കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. എന്നാൽ വിവിധ കോടതികളിൽ വ്യവഹാരങ്ങളിന്മേൽ യഥാസമയം തുടർനടപടികൾ സ്വീ നഗരസഭാധികൃതർ വീഴ്ചവരുത്തിയതായി കാണുന്നു. ഇത് നഗരസഭയു താത്പര്യങ്ങളെ ദോഷകരമായി ബാധിക്കുകയും ചെയ്യുകയുണ്ടാ ചുവടെ കൊടുക്കുന്നു., ശ്രി. പി. രാഘവൻ, ചുങ്കകാരൻ ഹൗസ്, പാറ പേരിൽ കൂത്തുപറമ്പ് വില്ലേജ് നരവൂർ ദേശത്ത് സർവ്വെ നമ്പർ 86/2E ൽ ഹെക്ടർ നിലവും, 0.0891 ഹെക്ടർ നിലം നികത്ത് പുരയിടവും ലാന്റ് നടപടിയിലൂടെ 9-1-2009 ൽ ഏറ്റെടുത്തിരുന്നു. ലാന്റ് എക്വ്യൂസിഷൻ ഓ സ്ഥലത്തിന് ₹ 9,81,206 രൂപയാണ് വില നിശ്ചിയിച്ചിരുന്നത്. പ്രസ്തുത തുക സ്ഥലമുടമ ഉയർന്ന വില ലഭിക്കണമെന്ന ആവശ്യത്തിന്മേ സബ്കോടതിയിൽ വ്യവഹാരം ഫയൽ ചെയ്യുകയുണ്ടായി(LAR 4 വ്യവഹാരത്തിന്മേൽ 24-8-2013 ന് സ്ഥലമുടമയ്ക്ക് അനുകൂലമായ വിധി വിധി പ്രകാരം ₹ 4,94,065രൂപ കൂടി സ്ഥലമുടമയ്ക്ക് നൽകേണ്ടതാണ്. വിധി പ്രഖ്യാപനത്തിനുശേഷം തുക കെട്ടിവയ്ക്കുന്നത് വരെ 15% നൽകുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ഉത്തരവിനെതിരെ നഗരസ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വ. ശ്രി. പി, എന്നവരെ ചുമതലപ്പെടുത്തുകയുണ്ടായി. അപ്പീൽ ഫയൽ ചെയ്യുന്ന ചെലവിലേക്ക് അഡ്വക്കേറ്റ് ആവശ്യപ്പെട്ടതനുസരിച്ച് ₹ 13107 രൂപ നൽ

പ്രസ്തുത തുക കൈപ്പറ്റിയതായി നഗരസഭയ്ക്ക് 4-3-2014 ന് അ
നൽക്കുകയും ചെയ്തിട്ടുണ്ട്. തലശ്ശേരി സ്പെഷൽ തഹസിൽദ്ദാർ (എ
തീയതി 14-3-2014 പ്രകാരം തലശ്ശേരി സബ്കോടതി 24-8-2013 ന്
അനുകൂലമായി ഉണ്ടായ വിധിയിൽ നിർദ്ദേശിച്ച അവാർഡ് തുക കോ
വയ്ക്കുന്നതിനായി ഫണ്ട് അടിയന്തിരമായി ലഭ്യമാക്കാൻ ആവ
നഗരസഭാ സെക്രട്ടറിക്ക് കത്തയക്കുകയുണ്ടായി. തുക കെട്ടിവയ്ക്
കാലതാമസത്തിന് വിധിന്യായത്തിൽ പ്രസ്താവിച്ച പ്രകാരം 15
നൽകേണ്ടിവരുമെന്ന് പ്രത്യേകം പരാമർശിച്ചിരുന്നു. എന്നാൽ നഗരസ
റീലീസ് ചെയ്യുകയുണ്ടായില്ല.സ്ഥലമുടമയ്ക്ക് അനുകൂലമായി വി
അവാർഡ് തുക ലഭികാത്ത സാഹചര്യത്തിൽ സ്ഥല
നടപ്പാക്കിക്കിട്ടുന്നതിനായി തലശ്ശേരി സബ്ബ് കോടതിയിൽ എക്സിക്യൂ
(ഇ.പി) ഫയൽ ചെയ്യുകയുണ്ടായി. കണ്ണൂർ ജില്ലാ കലക്ടർ 13-1-2015 ലെ
കത്തിൽ അഡ്വക്കറ്റ് ജനറലിൽ നിന്നുംലഭിച്ച നിയമോ
അടിസ്ഥാനത്തിൽ സ്ഥലമുടമയ്ക്ക് അനുകൂലമായ വിധിയിൽ അ
യാതൊരു പ്രയോജനവുമില്ലെന്നും ആതിനാൽ ജഡ്ജ്മെന്റ് പ്രകാരമു
പെട്ടന്ന് കോടതിയിൽ കെട്ടിവയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും വ
സ്ഥലമുടമ നൽകിയ ഇ. പി പെറ്റീഷൻ പ്രകാരം തുക വസൂലാക്കാൻ
സാധ്യതയുണ്ടെന്ന് അറിയിക്കുകയുണ്ടായി.. എന്നാൽ ഈ കത്ത് പ്രക
തുക ഒടുക്കുകയുണ്ടായില്ല. ഇതിനെ തുടർന്ന് 13-06-2016 ന് തലശ്ശേരി എ
തഹസിൽദ്ദാർ നഗരസഭാ സെക്രട്ടറിക്ക് വേറൊരു കത്തുകൂടി അ
പ്രസ്തുത കത്തിൽ സ്ഥലമുടമ നൽകിയ ഇ.പി പെറ്റീഷൻ പ്രകാരം ജഡ്ജ്
കിട്ടുന്നതിന് വീഴ്ച വരുത്തിയതിനാൽ തലശ്ശേരി സബ് ട്രഷറി ഓഫീ
വസ്തുവകകൾ ജപ്തി ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ടെന്നും ഈ
അടിയന്തിരമായി സ്ഥലമുടമയ്ക്ക് അനുകൂലമായുണ്ടായ വിധിഅനു
കെട്ടിവെയ്ക്കുകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടു
കത്ത് ലഭിച്ചതിനെ തുടർന്ന് നഗരസഭാ സെക്രട്ടറി 30-5-2016 ന് മേ
നിയമോപദേശം നൽകുവാൻ കേരള ഹൈക്കോടതിയിൽ പ്രസ്തുത
നടത്തുന്നതിന് ചുമതലപ്പെടുത്തിയ അഡ്വ. ശ്രീ. പി.പി സുരേന്ദ്രനാഥി
നിജസ്ഥിതിയെപറ്റി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടുകയുണ്ടായി. എ
സബ്കോടതിയിൽ നിന്നുള്ള വിധിപകർപ്പ് ഹൈകോടതി ജീവനക്കാ
നിന്നും നഷ്ടപ്പെട്ടതിനാൽ ബഹു. കോടതി പ്രസ്തുത അപ്പീൽ ഫയലിൽ
എന്നാണ് അറിയിച്ചത്. 2014 മാർച്ചിൽ നൽകിയ ഈ അപ്പ
സ്വീകരിച്ചിട്ടില്ലെന്നറിയുന്നത് 2016 മെയ് മാസത്തിൽ മാത്രമാണ്. ഈ
നഗരസഭാ അധികൃതർ സ്ഥലമുടമയുമായി തലശ്ശേരി സബ്കോട
മിഡീയേഷൻ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കോടത
അനുകൂലമായി വിധിച്ച തുകയിൽ 2% വും, പലിശയിനത്തിൽ 4% കുറ
കൈപ്പറ്റുന്നതിന് സമ്മതിക്കുകയുണ്ടായി. പ്രസ്തുത തീരുമാ
കൗൺസിലിന്റെ 22-6-16 ലെ തീരുമാനം നം.25 പ്രകാരം അംഗീകരിക്കു
തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുനർ നിശ്ചയിച്ച തുകയിന
4,64,488 രൂപ വൗച്ചർ 386 തീയതി, 6-10-2016, ചെക്ക് നം. 339856 തീയതി
സ്പെഷൽ തഹസിൽദ്ദാർ എൽ.എ. തലശ്ശേരിക്ക് കൈമാറുകയുണ്ടാ
അനുകൂലമായി തലശ്ശേരി സബ്കോടതിയിൽ നിന്നും വിധി ഉണ്ടായത് 2

കെട്ടിവയ്ക്കുന്നത് 6-10-2016 നുമാത്രമാണ്. കോടതി ഉത്തരവ് പ്രകാരം തുക കെട്ടിവച്ച 6-10-2016 വരെ അവാർഡ് തുകയായ 4,94,065 രൂപയ നൽകേണ്ടതാണ്. പ്രസ്തുത കേസിൽ സബ്കോടതി വിധിയിൽ നൽകുന്നതിന് യാതൊരു പ്രയോജനവും ഇല്ലെന്ന് അഡ്വ ജനറലിൽ നി നിയമോപദേശംലഭിച്ചിട്ടും ഈയിനത്തിൽ അപ്പിൽ സമർപ്പിക്കുന്നത എടുത്തെങ്കിലും അപ്പീലിന്റെ നിജസ്ഥിതിയെപ്പറ്റി 2016 വരെയായിട്ടും ഈ കാലയളവിൽ ലഭിക്കേണ്ടുന്ന പലിശ നിരക്ക് സെറ്റിൽമെന്റ് പ്ര കുറച്ചെങ്കിലും. ഈ കാലയളവിലേക്ക് 11% പലിശ നഗരസഭ നൽകേണ്ടത അവാർഡ് തുക കെട്ടിവയ്ക്കാത്തതുമൂലം സബ്ട്രഷറിയിലെ വസ്തുവക ചെയ്യുന്ന സാഹചര്യംഉണ്ടായത് ഒഴിവാക്കാൻ യഥാസമയം നടപടി ഹൈക്കോടതിയിൽ പ്രസ്തുത വ്യവഹാരത്തിന് അപ്പീൽ നൽ ചെലവിനത്തിൽ. ₹ 13107രൂപ അഡ്വക്കറിന് നൽകിയിട്ടുണ്ട്. അ സ്വീകരിക്കാത്ത സാഹചര്യത്തിൽ ഈ തുക കോർട്ട് ഫീസ് ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് നര അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക ഹൈ മറ്റുകേസുകളുടെ ചെലവിലേക്ക് വക മാറ്റുന്നതാണെന്നാണ് അറിയ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 28 ഓളം വ്യവഹാരങ്ങൾ സബ്കോടത ഹൈക്കോടതിയിലും നിലവിലുള്ളതായി സ്യൂട്ട് രജിസ്റ്ററിൽ രേഖ വിശദവിവരം ചുവടെ കൊടുക്കുന്നു..

ക്രമ നം.	കേസ് നം.	സ്ഥലമുടമയുടെ പേര്	ഏറ്റെടുത്ത ഭൂമിയുടെ വിസ്തീർണ്ണം	നഷ്ടപരി ഹാരമായി നൽകേണ്ടുന്ന തുക	അറ ഹിയ തീയ (സ്യൂ പ്രക
1	LAR-320/2009	വി. സി.ശാന്ത	0.1000 Hectre	983977	2-11-2
2	LAR 321/2009	നാണിയമ്മ മുതൽ പേർ	0.09264 Hectre	വ്യക്തമാ ക്കിയിട്ടില്ല	18-1-2
3	LAR,323/2009	വിജയൻ ഡ്രൈവർ	0.0233, Hectre 0.0070 Hectre	162228	24-1-2

4	LAR-322/2009	എം.കെ.ബാലചന്ദ്രൻ	0.0688 Hectre	297345	18-1-2
5	LAR. 409/2009	ശാന്ത	0.3724 Hectre	3318778	1-12-2
6	LAR -425/2009	വിജയൻ	0.0043 Hectre	20501	11-12
7	LAR.411/2009	ആയിഷ. ടി.പി	0.0091 Hectre	114610	3-12-2
8	LAR.424/2009	എം.കെ ബാലചന്ദ്രൻ	0.0455 Hectre	208872	11-12
9	LAR.418 /2009	രാഘവൻ	0.0809 Hectre	489932	27-2-2
10	LAR.419/2009	വി.പി ഭാസ്കരൻ മുതൽ പേർ	0.0849 Hectre	413262	8-2-20
11	LAR.422/2009	എം.കെ.ബാലകൃഷ്ണൻ	0.0225 Hectre	218775	28-2-2
12	LAR.420/2009	വി.പി ദാമോദരൻ	0.1481 Hectre	965.23	9-12-2
13	LAR.421/2009	എം.കെ. ബാലചന്ദ്രൻ	0.1117 Hectre	942.314	28-2-2
14	LAR.423/2009	കെ.കെ. അബ്ദുൾ സലാം	0.1702 Hectre	777126	23-12
15	LAR.412/2009	നാണു	0.0089 Hectre	91555	12-10

16	LAR-408/2009	സുഹറ	0.0750 Hectre	516681	27-2-2
17	LAR-410/2009	കെ.വി.ഹരിദാസൻ	0.2222 Hectre	1790652	27-2-2
18	LAR-407/2009	വി. അച്ചുതൻ	0.0473 Hectre	423169	രേഖ
19	LAR-406/2009	കെ.പി.ജനാർദനൻ	0.0270 Hectre	113526	രേഖ
20	LAR-416/2009	കനകവല്ലി	0.3479 Hectre	തുക വ്യക്ത മാക്കിയിട്ടില്ല	7-12-2
21	LAR-417/2009	കെ. എം. സുരേന്ദ്രൻ	0.1039 Hectre	926834	27-2-2
22	LAR-415/2009	എൻ.പി.രാജേന്ദ്രൻ	0.3107 Hectre	1856312	രേഖ
23	LAR-414/2009	പി.രാഘവൻ	0.109 Hectre	880142	1-7-20
24	LAR-413/2009	കെ.വി. രമണിഅമ്മ	0.0871 Hectre	448014	27-2-2
25	LAR-458/2009	എം.കെ.ബാലചന്ദ്രൻ	0.0238 Hectre	212910	28-2-2
26	LAR-457/2009	ഗിരിജ	0.2671 Hectre	2490198	27-2-2

27	LAR-456/2009	കമലാക്ഷി	0.5548 Hectre	2666920	27-2-2
28	LAR-451/2009	വിമല	0.6250 Hectre	തുക വ്യക്തമാക്കിയിട്ടില്ല	27-2-2

ഈ വ്യവഹാരങ്ങൾ എല്ലാംതന്നെ 2009 ൽ ആരംഭിച്ചതാണ്. നഷ്ട വർദ്ധിപ്പിച്ച് ലഭിക്കുന്നതിനായി സമർപ്പിച്ച ഈ വ്യവഹാരങ്ങളുടെ വിവരങ്ങൾ 2009 ന് ശേഷമുള്ളത് സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല മുനിസിപ്പാലിറ്റി (കേസുകളുടെ നടത്തിപ്പും കൗൺസിലുകൾ നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളിലെ ചട്ടം 4 (1) ര കോടതിയിലോ ചട്ടം 3(1)ൽ പറയുന്ന മറ്റ് അധികാര സ്ഥാനങ്ങളിലോ ഫയൽ ചെയ്ത കേസിലോ, മുനിസിപ്പാലിറ്റിക്ക് എതിരായി ഫയൽ ചെയ്ത മുനിസിപ്പാലിറ്റിക്ക് അനുകൂലമല്ലാത്ത വിധിയുണ്ടായാൽ, ആ വിധി കോടതിയിൽ മുനിസിപ്പാലിറ്റി അപ്പീൽ ഫയൽ ചെയ്യുന്നതിനുമുമ്പ്, കീ മുനിസിപ്പാലിറ്റിക്കുവേണ്ടി കേസ് നടത്തിയ അഭീഭാഷകന്റെയും ജി പ്ലീഡറുടെയും നിയമോപദേശം ആരായേണ്ടതാണ് എന്ന് വ്യക്തമാക്കിയ നഗരസഭ ഈ വിധം ഗവൺമെന്റ് പ്ലീഡറിൽ നിന്നുള്ളതോ, വ്യവഹാരങ്ങളെപ്പറ്റി ഹൈക്കോടതിയിൽ കേസ് നടത്തുവാൻ ചുമതല കൗൺസലിൽ നിന്നോ നിയമോപദേശം തേടിയിട്ടില്ല. മറിച്ച് നഗരസ നടത്തുന്ന വക്കിലിന്റെ അഭിപ്രായം മാത്രം പരിഗണിച്ചാണ് വിവിധ അപ്പീൽ നൽകിയത്. എന്നാൽ ഈ അപ്പീൽ കേസുകളുടെ തുടർ നടത്ത പരിശോധിക്കുന്നതായി കാണുന്നില്ല. ഹൈക്കോടതിയിൽ നഗരസഭക നടത്തുന്നതിന് സ്റ്റാന്റിംഗ് കൗൺസിലിന്റെ സേവനം ലഭ്യമാണെന കേസിന്റെയും മെറിറ്റ് പരിശോധിച്ച് തീരുമാനം അടിയന്തിരമായിനടപടി സ്വീകരിക്കേണ്ടതാണ്.

നഷ്ടപരിഹാരകേസുകളിൽ നഗരസഭയ്ക്ക് പ്രതികൂലമായി വിധിക അധിക നഷ്ടപരിഹാര തുകയോടൊപ്പം പലിശയിനത്തിൽ ഭീമമായ സം നൽകേണ്ടിവരുന്ന സാഹചര്യം ഉണ്ടാവാം. ഈ വിധം ഉണ്ടാക്കുന്ന ര കേസുനടത്തിപ്പിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കും, നഗരസഭയുടെ താൽപര്യത്തിന് മുൻഗണന നൽകി പ്രവർത്തിക്കുന്നതിൽ വീഴ്ച മുതലുള്ള ഭരണസമിതി അംഗങ്ങളും ഒരുപോലെ ഉത്ത വ്യവഹാരത്തിന്റെ തുടർനടത്തിപ്പ് വീക്ഷിക്കുന്നതിലും ആവശ്യ നൽകുന്നതിലും സെക്രട്ടറി ഉൾപ്പെടെയുള്ളവർ വീഴ്ച വരുത്തിയ വിലയിരുത്തുന്നു. ഇൗ വീഴ്ച മൂലം ഉണ്ടാകുന്ന അധിക ചെലവിന് എല്ല ബാധ്യത ഉണ്ടായിരിക്കും. ആയതിനാൽ ബസ്റ്റാന്റ് സ്ഥലമെടുപ്പുമായി കേസുകളുടെയും തുടർനടത്തിപ്പ് പരിശോധിച്ച് പെട്ടെന്ന് തീർപ്പുക നടപടി സ്വീകരിക്കേണ്ടതാണ്.

3-2 നഗരസഭാ പരിധിയിലെ തെരുവുവിളക്കുകളുടെ എണ്ണം സ
ആധികാരികമായ കണക്കില്ലാതെ എ.എം.സി നൽകി- ചെലവ്
തടസ്സത്തിൽ വെക്കുന്നു.
ഫയൽ നമ്പർ- ഇ2- 12313 /07 (A)

വൗച്ചർ നം. 498 /12/16 -₹ 1,44,666 (ചെക്ക് നം.653305)

കരാറുകാരൻ- ശ്രീ. സന്തോഷ് കുമാർ

നിർവ്വഹണം- സെക്രട്ടറി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ
തെരുവുവിളക്കുകളുടെ റിപ്പയറിംഗും, മെയിന്റനൻസും സംബന്ധി
നിലവിലെ സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് അനുസൃതമായിടെണ്ടർ
സംസ്ഥാന വൈദ്യുതി ബോർഡ് ഒഴികെയുള്ള മറ്റ് ഏജൻസിക
മെയിന്റനൻസ് കോൺട്രാക്ട് വഴി നൽകാവുന്നതാണെന്ന് തദ്ദേശ
വകുപ്പിന്റെ 3055/ഉ.അ.3/2011/ dt 15-9-2011 സർക്കുലറിൽ വ്യക്തമാ
പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരത്തിലുള
നിരക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിരക്കിനെക്കാൾ
പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തി
17 വർഷത്തെ തെരുവുവിളക്ക് റിപ്പയർ നടത്തുന്നതിന് ടെണ്ട
നൽകിയിട്ടുണ്ട്. ടെണ്ടർ ഷെഡ്യൂൾ പ്രകാരം കാണിച്ച വിളക്കുകളുടെ
കൊടുക്കുന്നു.

ക്രമ നം.	വിളക്കുകളുടെ തരം	എണ്ണം
1	SVL	46
2	CFL 11x2 (22W)	1134
3	Tube set 40 W	232
4	ആകെ	1412

ഇതുപ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ സന്തോഷ് കുമാർ എന്നവര
അംഗീകരിച്ചത്. നഗരസഭാ കൗൺസിലിന്റെ 29-7-16 തീയതിയിലെ
പ്രകാരം ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ടെണ്ടർ പ്രകാരം അംഗീകരിച്ച
കൊടുക്കുന്നു.

ക്രമ.നം	വിളക്കുകളുടെ തരം	നിരക്ക്

1	SVL (ഒരെണ്ണം റിപ്പയർ ചെയ്യുന്നതിന്)	1000
2	CFL (ഒരെണ്ണം റിപ്പയർ ചെയ്യുന്നതിന്)	400
3	TUBE SET ((ഒരെണ്ണം റിപ്പയർ ചെയ്യുന്നതിന്)	500

കരാർ പ്രകാരം ചെയ്ത പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ കരാറ
നം498/12/16 പ്രകാരം പ്രവൃത്തി നടത്തിയതിന്റെ ആദ്യ ഗഡുവായ
നൽകിയിട്ടുണ്ട്. തെരുവുവിളക്കുകളുടെ റിപ്പയർ സംബന്ധിച്ച്
പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു പ്രസ്തുത രജിസ്റ്ററിൽ 2016-17 വർ
1065 വിളക്കുകൾ റിപ്പയർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ
റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണവും, വാർഡ് മെം
രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ തരം വിളക്കുകൾ എ
ചെയ്തു എന്ന് വ്യക്തമല്ല.എ.എം.സി ക്ക് കരാർ നൽകുന്നതിനുള്ള ടെ
പ്രകാരം ആകെ 1412വിളക്കുകളാണ് നിലവിലുള്ളതായി കാണിച്ചിട്ട
വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ആകെ ₹ 6,15,600 രൂപയ്ക്കാണ് കരാർ
ഈ വിളക്കുകളുടെ എണ്ണം സംബന്ധിച്ച് ആധികാരിക വിവരങ്ങൾ ല
പരിധിയിലെ പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണം, തരം എന്
കെ.എസ്.ഇ.ബി യുമായി ചേർന്നുള്ള സംയുക്തപരിശോധന
നടത്തിയിട്ടില്ല.31-5-2016 ലെ നഗരസഭാ കൗൺസിലിന്റെ തീരുമാനം
സംയുക്തപരിശോധന നടത്തുന്നതിന് തീരുമാനിക്കുകയും 24-6-201
എഞ്ചിനിയർ, കെ.എസ്.ഇ.ബി കൂത്തുപറമ്പിന് കത്തയക്കുകയും ചെയ്
ഇതു സംബന്ധിച്ച് തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല എന്നിരിക്കെ എ
17 ൽ കാണിച്ച 1412 വിളക്കുകളുടെ ആധികാരികത വ്യക്തമല്ല. തെരുവ
എ,എം,സി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സർക്കുലറിൽ (3055/ഇ
2011) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച് സ
നടപടികൾ വ്യക്തമാക്കിയിട്ടുണ്ട് ഇതനുസരിച്ച് തെരുവ
അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്തുന്നതിനാ
തയ്യാറാക്കേണ്ടതും ഈ രജിസ്റ്ററിൽ ലഭ്യമാകുന്ന പരാതികളുടെ ന
പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം പോസ്റ്റ് ന
രേഖപ്പെടുത്തേണ്ടതുമാണ്. A.M.C കരാറുകാരൻ പരാതി രജിസ്റ്റർ പര
വ്യവസ്ഥക്ക് അനുസൃതമായി നടപടികൾ സ്വീകരിക്കേണ്ടതും സ
പരാതി രജിസ്റ്ററിൽ ഓരോ പരാതിയുടെയും നേരെ രേഖപ്പെടുത്തുകയ
കരാറിലെ വ്യവസ്ഥക്ക് അനുസൃതമായി സ്ഥാപിക്കപ്പെടുന്ന എല്ല
പ്രവർത്തന നിരതമാണോയെന്ന് തദ്ദേശസ്വയംഭരണസ്ഥാപന
കരാറുകാരനും കെ.എസ്.ഇ.ബി അധികാരികളും കരാറിന്റെ പ്രാ
സംയുക്ത പരിശോധന നടത്തേണ്ടതാണ് . കരാറുകാരന് A.M
പ്രവർത്തിയുടെ തുക നല്കുമ്പോൾ മേൽ പറഞ്ഞിട്ടുള്ള നടപ

പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ഇതുസംബന പരിശോധിച്ചതിൽ മേൽ പ്രസ്താവിച്ച നടപടിക്രമങ്ങൾ അനുവർത്തിച്ചത പരാതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. കരാറുകാരൻ എത്ര വിളക്കു എപ്പോൾ അറ്റകുറ്റപണി നിർവ്വഹിച്ചു എന്നത് സംബന്ധിച്ച് അ പരിശോധിക്കാൻ സഹായകമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ക നിലവാരത്തിലുള്ള സാമഗ്രികളാണോ ഉപയോഗിച്ചിട്ടുള്ളത് എന്ന് വിളക്കുകൾ റിപ്പയർ ചെയ്തത് സംബന്ധിച്ച വാർഡ് മെമ്പർമാരുടെ പ്രത്യേകമായി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈയി കാലയളവിൽ ചെലവഴിച്ച ₹1,44,666 രൂപയുടെ ചെലവുകൾ ഓഡി വെക്കുന്നു. വിളക്കുകളുടെ കണക്ക് രേഖപ്പെടുത്തികൊണ്ടുള്ള രജി തയ്യാറാക്കേണ്ടതാണ്. വൈദ്യുതി ചാർജ് ഒടുക്കുന്നതിലെ കൃത്യത പരിശോധിക്കാൻ കഴിയാതെ വരുന്നു. നഗരസഭാ പരിധിയിലെ വിളക്ക തരം എന്നിവ കെ.എസ്.ഇ.ബി അധികൃതരുമായി സംയുക്തപരി തിട്ടപ്പെടുത്തുകയും വിളക്കുകളുടെ കണക്കു രേഖപ്പെടുത്തിക്കൊ കൃത്യമായി തയ്യാറാക്കേണ്ടതാണ്. വൈദ്യുതി ചാർജ് ഒടുക്കുന്നതി ഇതുമൂലം പരിശോധിക്കാൻ കഴിയാതെ വരുന്നു. അതനുസരിച്ചുള്ള എത്രയെണ്ണം 2016-17 കാലയളവിൽ എ.എം.സി വ്യവസ്ഥകൾ പ്രകാരം എന്നത് സംബന്ധിച്ച് കൃത്യമായ കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമ തടസ്സം ഒഴിവാക്കേണ്ടതാണ്.

3-3 കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ വൈദ്യുതിചാർജ് ഒടു അകാരണമായ കാലതാമസം .

ഫയൽ നം. സി-3-6039 /09

വൗച്ചർ നം. 36/4-17 തീയതി, 21-4-2017 ₹ 7,15,845

കൂത്തുപറമ്പ് താലൂക്ക് സർക്കാർ ആശുപത്രിയുടെ വിവിധ വൈദ്യുതിചാർജ് ഒടുക്കിയഇനത്തിൽ വൗച്ചർ നം. 36/4-17 തീയ 7,15,845പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. കൂത്തുപറമ്പ് താലൂക്ക് ആശുപ മുതൽ 12/2016വരെയുള്ള കാലയളവിലെ വൈദ്യുതി ചാർജ്ജിനത്തിലെ വൗച്ചർ പ്രകാരം ഒടുക്കിയിട്ടുള്ളത് .വിശദവിവരം ചുവടെ കൊടുക്കുന്നു

ക്രമ നം.	റിക്വിസിഷൻ തീയതി	തുകയുടെ കാലയളവ്	തുക
1	15-10-2015	11/2014 മുതൽ 8/2015 വരെ	220355

2	15-10-2015	09/2015	34023
3	17-11-2015	10/2015	37939
4	16-12-2015	11/2015	31961
5	1-2-2016	12/2015	32311
6	15-2-2016	1/2016	31471
7	19-3-2016	2/2016	31292
8	18-5-2016	3/2016	32066
9	22-7-2016	04/2016, 05/2016, 6/2016	1.09.789
10	19-8-2016	7/2016	27402
11	03-10-2016	8/2016	30487
12	22-10-2016	9/2016	27348
13	8-11-2016	10/2016	35963
14	29-12-2016	11/2016	33438
		ആകെ ₹	715845

മേൽ കാലയളവിലെ വൈദ്യുതി ചാർജ്ജിനത്തിൽ മെഡിക്കൽ സുപ്ര
തുക തിരികെ നൽകുന്നതിന് 23-2-2017 ന് ചേർന്ന ധനക
കമ്മറ്റിയോഗത്തിൽ തീരുമാനം എടുക്കുകയുണ്ടായി (തീരുമാനം ന
ഒടുക്കുന്നതിന് അകാരണമായ കാലതാമസമാണ് ഉണ്ടായത് ഫയൽ പ്രക
സുപ്രണ്ട് യഥാസമയം തന്നെ ബിൽ ഇൻവോയ്സും റിക്വിസിഷനും
എന്നാൽ തുക നൽകുന്നതിൽ സമയക്യത്യത പാലിച്ചിട്ടില്ല. പ്രസ്തുത വിഷ

വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് തീയതി, 21-10-2017) ലഭ്യമാക്കിയ മറുപടിയിൽ ടി സെക്ഷനിലെ ജോലി മെഡിക്കൽ ഓഫീസർ സമർപ്പിച്ച ബില്ലുകൾ പരിശോധിക്കുന കാലതാമസമാണ് തുക നൽകുവാൻ ഇത്രയും കാലയളവ് വേണ്ടിവ കൈമാറികിട്ടിയ സ്ഥാപനത്തിന്റെ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ആ ആശുപത്രി അധികൃതർ വൈദ്യുതി തുക ഒടുക്കിയതിനാൽ വൈദ്യുത ഉപയോഗിക്കാനായി. എന്നാൽ ആശുപത്രിയിലെ അത്യാവശ്യവും അ ചെലവുകൾക്ക് ഉപയോഗിക്കേണ്ടുന്ന ആശുപത്രി മാനേജ്മെന്റ് യഥാസമയം തിരികെ നൽകുവാൻ നഗരസഭയിൽ നിന്നും തുക തടസ്സമായി. കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ആശുപത്രി പോലുള്ള ചെലവുകൾ അടിയന്തിര പ്രാധാന്യത്തോടെ നൽക്കുന്നതിന് യഥാ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-4 പ്രധാനമന്ത്രി ആവാസ് യോജന- ഗുണഭോക്തൃ പട്ടികയിലെ ഗുണഭോക്താക്കൾക്കുംആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : എസ് .222/2017

പ്രൊജക്ടിന്റെ പേര് : പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് നഗരസഭ വിഹ

അടങ്കൽ : ₹ 46,91,238 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് തുക : ₹ 46,91,238

ബിൽ നമ്പർ/തീയ്യതി : 21 /16-17/ 28-2-2017

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : എസ് .227/2017

പ്രൊജക്ടിന്റെ പേര് : പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് നഗരസഭ വി രണ്ടാംഘട്ടം

ആകെ അടങ്കൽ : ₹ 23,78,778 (1. ₹ 14,85,729 വികസന ഫണ്ട് ജനറൽ)

(2. ₹ 8,93,049 ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് തുക : ₹ 23,78,778

ബിൽ നമ്പർ/തീയ്യതി : 1. 37 /16-17/ 28-3-2017 – ₹ 14,85,729

2. 38 /16-17 28-3-2017 ₹ 8,93,049

പ്രധാനമന്ത്രി ആവാസ് യോജന പ്രോജക്ടിൽ 279 ഗു തെരഞ്ഞെടുത്തിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്ത

നൽകുന്നതിന് മേൽ പ്രൊജക്ടുകൾ പ്രകാരം യഥാക്രമം ₹ 46,91,238 (
രൂപയും പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിക്ക് നഗരസഭാ വിഹിത
പഞ്ചാബ് നാഷണൽ ബാങ്കിന്റെ കൂത്തുപറമ്പ് ശാഖയിലെ
4306000100117768 ൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുക 2016-1
വിനിയോഗിച്ചിട്ടില്ല. . ഈ തുക പ്രസ്തുത പ്രോജക്ടിലെ ഗുണഭോക്താക്ക
ചെയ്യുന്നതിനും, ഗുണഭോക്താക്കൾ സമയബന്ധിതമായി
പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കേ

3-5 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറിനിർമ്മാണം പ്രേ അപൂർണ്ണം-ചെലവ് ₹ 3,50,000തടസ്സത്തിൽ വെക്കുന്നു.

പ്രോജക്ട് നം. എസ്. 047 /17

പട്ടിക ജതി വിദ്യാർത്ഥികൾക്ക് പഠനമുറി

പ്രോജക്ട് അടങ്കൽ- ₹ 5,00,000

ചെലവ്- ₹ 3,50,000

ബിൽ നം. 24/16-17 തീയതി .28-2-2017 ₹ 2,50,000

ബിൽ നം. 33 /16-17 തീയതി. 30-3-2017 ₹1.00.000

നിർവ്വഹണം- മെമ്പർ സെക്രട്ടറി സി.ഡി.എസ്.

മേൽ പ്രോജക്ടിൽ 5 ഗുണഭോക്താക്കൾക്കാണ് പഠനമുറി നി
ധനസഹായം നൽകിയിട്ടുള്ളത്. ബിൽ നം. 24/16-17 പ്രകാരം പിൻ
രൂപകൊണ്ട് ഗുണഭോക്താക്കളിൽ 5 പേർക്കും ₹ 50,000 രൂപ വീ
നൽകുകയുണ്ടായി. ബിൽ നം. 33 /16-17 പ്രകാരം പിൻവലിച്ച ₹ 1,0
അഡ്വാൻസ് കൈപ്പറ്റിയതിൽ 2 ഗുണഭോക്താക്കൾക്ക് പ്രവൃത്തി പൂ
തുടർന്ന് ബാക്കി ₹ 50,000 രൂപ വീതവും നൽകിയിട്ടുണ്ട്. പഠനമുറി നി
ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുള്ള സർക്കാർ ഉത്തരവ
626/2016/തസ്വഭവ തീയതി 15-2-2016) നിർമ്മിച്ച മുറിയുടെ അള
തയ്യാറാക്കേണ്ടതും അളവുകളുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാ
തുക അനുവദിക്കാൻ പാടുള്ളു എന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്ര
ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണകുറിപ്പ് (23 തീയതി,27-10
ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്ക
കൈപ്പറ്റിയവരിൽപ്രവൃത്തി പൂർത്തിയാക്കാനുള്ള 3 ഗുണഭോക്താ
പൂർത്തികരിച്ചിട്ടുണ്ടോഎന്നും വ്യക്തമല്ല. ഈയിനത്തിൽ മേൽ ഗ
കൈപ്പറ്റിയ തുകയുടെ കൈപ്പറ്റ് രേഖകളും ലഭ്യമാക്കിയിട്ടില്ല. ആ
രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ ചെലവ് ₹ 3.50,000 ഓഡ
വെക്കുന്നു. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3-6 ആശ്രയ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ല

പ്രോജക്ട് നം. എസ്. 132/16-17

ആശ്രയ 2015-16

പ്രോജക്ട് അടങ്കൽ- ₹ 13,00,000

ചെലവ്- ₹ 1,83000

ബിൽ നം. 18/16-17 തീയതി .18-2-2017 ₹ 4000

ബിൽ നം. 8 /16-17 തീയതി. 22-11-2017 ₹4000

ബിൽ നം. 31 /16-17 തീയതി. 25-3-2017 ₹ 1,75,000

സമൂഹത്തിൽ ഏറ്റവും സാമ്പത്തീക പിന്നോക്കാവസ്ഥയിലുള്ള ഗു
സർവ്വെയിലൂടെ കണ്ടെത്തി ആശ്രയപദ്ധതിയിലൂടെ അവർക്ക
നൽകുന്നതിനുവേണ്ടി 2012-ൽ തന്നെ പദ്ധതികൾ തയ്യാറാക്കുകയു
ഗുണഭോക്താക്കളായി 46 പേരെ എ.ഡി.എസ് തലത്തിൽ സ
തെരഞ്ഞടുക്കുകയും ചെയ്തിരുന്നു. . ഈ ഗുണഭോക്തൃ പട്ടിക പ്രകാരമുള
ആനുകൂല്യം നൽകുന്നതിന് ആകെ ₹ 66,23,560 രൂപയുടെ പദ
നിശ്ചയിച്ചിരുന്നു. ഈ തുകയിൽ 40% സംസ്ഥാന വിഹിതമായ
ശേഷിക്കുന്ന₹ 39.74,136 രൂപ നഗരസഭാ വിഹിതമായും വരുന്ന
വർഷത്തിൽ വകയിരുത്തുവാൻ 2012 ൽ തന്നെ തീരുമാനിച്ചിര
സംബന്ധിച്ച ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോജക്ടിൽ 2
ഗുണഭോക്താക്കൾക്കായി ₹ 1,83,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ
ഗുണഭോക്താക്കളിൽ ആകെ ധനസഹായം നൽകിയത് 3 പേർ
ഗുണഭോക്താക്കൾക്ക് പദ്ധതി ആവിഷ്ക്കരിക്കുന്നതിന് അനുയോ
കണ്ടെത്താൻ സാധിക്കുന്നില്ല എന്നതാണ് പദ്ധതി നടത്തിപ്പിന് തടസ്സ
അറിയിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ടു
ഗുണഭോക്താക്കളും ഉണ്ടായിട്ടും 2012 ൽ ആവിഷ്ക്കരിച്ച
പൂർത്തിയാക്കാൻ സാധിക്കാത്തത് വീഴ്ചയായി ഓഡിറ്റ് വിലയിരു
നടത്തിപ്പിലുണ്ടായിട്ടുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമ
സ്വീകരിച്ച് എല്ലാ ആശ്രയ ഗുണഭോക്താക്കൾക്കും ആനുകൂല്യം ഉറപ്പുവ

3-7 സമഗ്ര കാർഷീക വികസനപ്രോജക്ടിൽ നടപ്പാക്കിയ പ്രവർ വിശദമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

പ്രോജക്ട് നം. എസ്.0026/ 2017

സമഗ്ര കാർഷീക വികസനം

പ്രോജക്ട് അടങ്കൽ- ₹ 3200000 (പ്ലാൻ ഫണ്ട് ജനറൽ)

ഗുണഭോക്തൃ വിഹിതം - ₹ 81200 (സ്ഥാപനത്തിൽ അടക്കുന്നത്)

പ്രോജക്ട് ചെലവ് -₹ 30,11,621

ബിൽ നം. 1/2016-17 തീയതി, 27-3-2017 -തുക- ₹ 26,35,341

ബിൽ നം. 2/2016-17 തീയതി, 30-3-2017- തുക- ₹ 3,76,280

2016-17 വർഷം കാർഷീക വികസന പ്രോജക്ടിന്റെ ഭാഗമായി പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്.

1- നെൽകൃഷിക്ക് വിത്ത് വിതരണം(ഒന്ന്. രണ്ട് വിളകൾക്ക്)

2. നെൽകൃഷിക്ക് ജൈവവളം

3.തെങ്ക്യഷിക്ക് ജൈവവളം

4. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റൽ

5 മുറിച്ചുമാറ്റിയ തെങ്ങിന് പകരം തെങ്ങിൻ തൈകൾ വിതരണം

6 സങ്കരയിനം പച്ചക്കറി വിത്ത് വിതരണം

7 ഇഞ്ചി, മഞ്ഞൾ കിറ്റ് വിതരണം

8.നേന്ത്ര വാഴക്ക് വളം വിതരണം

9.ഗ്രോബാഗ് വിതരണം

10.കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം

11.നാടൻ വാഴക്കന്ന് വിതരണം

12.കറിവേപ്പില , മുരിങ്ങതൈവിതരണം

13.തേനീച്ച വളർത്തൽ

14പച്ചക്കറി തൈ വിതരണം

15 മാവിൻ തൈ വിതരണം

16.കവുങ്ങിൻ തൈവിതരണം

. പ്രോജക്ടിന്റെ ഭാഗമായി മേൽ പ്രവർത്തനങ്ങളെല്ലാം നടപ്പാക്കിയിട്ടു
പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ ഓരോ മേഖലയിലും ഉണ്ടായി
സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല. പദ്ധതിയുടെ
വിശകലനത്തിന് വിധേയമാക്കി തുടർ വർഷങ്ങളിലെ പ്രോജക്ട് നിർ
മാർഗ്ഗരേഖയായി മാറ്റേണ്ടതാണ്. മേൽ പ്രോജക്ടിൽ വിതരണം ചെയ്ത
ഭൂരിഭാഗവും ടെണ്ടർ ക്ഷണിച്ച് വിലയെ അടിസ്ഥാനമാക്കിയാണ്
വിലയെ മാത്രം അടിസ്ഥാനമാക്കാതെ ഗുണനിലവാരത്തിനുക

നൽകികൊണ്ടുള്ള പർച്ചേസ് നടപടികൾക്ക് മുൻഗണന നൽകേ
വസ്തുകളുടെ സർക്കാർ ഫാമുകളിൽ നിന്നുള്ള ലഭ്യതയെപറ്റിയ
നടത്തേണ്ടതാണ്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) നമ്പ
തിരുവനന്തപുരം,തീയ്യതി 11-1-2016) ഭാഗം-4 ഖണ്ഡിക 11.1 V1 ൽ "മഹാത്മ
ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും, അയ്യങ്കാളി തൊഴിലുറപ്പ്
എല്ലാ സാധ്യതകളും പരിഗണിച്ചുകൊണ്ടായിരിക്കണം കാർഷി
സമഗ്രപരിപാടിക്ക് രൂപം നൽകേണ്ടത് എന്നും, തൊഴിലുറപ്പ് പദ്ധതിയ
കഴിയാത്ത പ്രവർത്തനങ്ങളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടു
വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ നടപ്പാക്കിയ പ്രോജക്ടുകളിലൊന്നു
പദ്ധതിയുടെ സാധ്യതകൾ ഉണ്ടായിട്ടില്ല. ജൈവവളത്തിന് സബ്സിഡി
ഇനത്തിൽ വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട് പന്ത്രണ്ടാം പദ്ധതി
എം. എസ് (നമ്പർ 4/2016തസ്വഭവ, തിരുവനന്തപുരം, തീയ്യതി 11-1-2016)
ഖണ്ഡിക 3.1.1 ൽ പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ്
സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റിൽ
കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മറ്റി വാ
ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നടപ്പാക്കിയ ജൈ
പ്രോജക്ടിൽ ജൈവളം ഗുണഭോക്താവ് നേരിട്ട് വാങ്ങുകയാണ് ചെ
പരിധിയിൽ ജൈവവളം ഉല്പാദിപ്പിക്കുന്ന പ്ലാന്റ് ലഭ്യമാണ് എന്നാ
നിന്നുള്ള ജൈവവളം വാങ്ങുന്നതിന് കർഷകർ വിമുഖത കാണിക്കുന്നു
വിശദീകരിക്കുകയുണ്ടായി. ജനങ്ങളുടെ ഈ ആശങ്ക പരിഹരിക്കുന്ന
സ്വീകരിക്കേണ്ടതാണ്.

3-8 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് 72 ല
രൂപയിലധികം കുടിശ്ശിക (കൂത്തുപറമ്പ് നഗരസഭയിലെ പെൻ
ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോ

1996 ൽ നിലവിൽ വന്ന കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് ക
ബനിഫിറ്റ് റൂൾസിലെ ചട്ടം 7 (2), 8 എന്നിവയനുസരിച്ച് ഓരോ ജീവ
പ്രതിമാസ മൊത്ത വേതനത്തിന്റെ 15% വരുന്ന തുക അതത് മ
ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽനിന്നും പിൻവലിച്ച് അത
തീയതിക്കു മുൻപ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കുന്നത
ഭരണ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട
പെൻഷൻ ഫണ്ടിന്റെ ഒടുക്കു സംബന്ധിച്ച് പ്രത്യേക രജിസ്റ്ററൊന്നും ത
